**കേരള എക്സൈസ് വകുപ്പ്.**
**"മാതൃഭാഷ-മലയാളം"**
**എക്സൈസ് കമ്മീഷണറുടെ നടപടി ക്രമം,കേരള ,തിരുവനന്തപുരം**

വിഷയം : അബ്കാരി - സംസ്ഥാനത്തെ കള്ള് ഷാപ്പുകളുടെ 2021-22 വർഷത്തെ ലൈസൻസും ഇന്റർ റേഞ്ച് / ഇന്റർ ഡിവിഷൻ കള്ള് കടത്ത് പെർമിറ്റുകളുടെ കാലാവധിയും ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം:

1. കള്ളുഷാപ്പ് ലൈസൻസി അസ്സോസ്സിയേഷൻ ബഹു: എക്സൈസ് വകുപ്പ് മന്ത്രി മുൻപാകെ സമർപ്പിച്ച 26.03.22 തീയ്യതിയിലെ നിവേദനം.
2. 31.03.2022 തീയ്യതിയിലെ 48/G1/2020/Taxes നമ്പർ സർക്കാർ കത്ത്.

**ഉത്തരവ് നം.ഇ.എക്സ്.സി 5372/2021-എക്സ്.എ 1** **തീയതി: 31/03/2022**

സംസ്ഥാനത്തെ കള്ളുഷാപ്പ് ലൈസൻസ് 2022 - 23 വർഷത്തേക്ക് പുതുക്കി നൽകുന്നതിന് അപേക്ഷയ്ക്കൊപ്പം സമർപ്പിക്കേണ്ട രേഖകൾ ഹാജരാക്കുന്നതിന് മതിയായ സമയം ലഭ്യമാകാത്തതിനാൽ ലൈസൻസ് പുതുക്കുന്നതിന് സാവകാശം അനുവദിക്കണമെന്ന പരാമർശം 1 നിവേദനം പരിഗണിച്ച് സംസ്ഥാനത്തെ കള്ളുഷാപ്പുകളുടെ ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുവാനായി 31.03.2022 മുതൽ ഒരാഴ്ച കൂടി പരാമർശം 2 പ്രകാരം സർക്കാർ അനുവദിച്ചിട്ടുള്ളതാണ്.

സംസ്ഥാനത്തെ കള്ള് ഷാപ്പുകൾക്ക് നിലവിൽ ലൈസൻസ് അനുവദിച്ചിരിക്കുന്നത് 31.03.2022 തീയ്യതി വരെയാകയാൽ പരാമർശം 2 പ്രകാരം അധികമായി അനുവദിച്ച കാലയളവിൽ കള്ളുഷാപ്പുകളുടെ പ്രവർത്തനം തുടരുവാനാകാത്ത സാഹചര്യം നിലവിലുണ്ട്.

മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ കള്ള് ഷാപ്പുകളുടെയും 2021-22 വർഷത്തേക്ക് അനുവദിച്ച ലൈസൻസും 2021-22 രണ്ടാം അർദ്ധ വർഷത്തേക്ക് അനുവദിച്ച ഇന്റർ റേഞ്ച് / ഇന്റർ ഡിവിഷൻ കള്ള് കടത്ത് പെർമിറ്റുകളുടെ കാലാവധിയും, മേൽ പറഞ്ഞ ലൈസൻസുകൾ പുതുക്കുന്ന സമയത്ത് 2022-23 വർഷത്തെ പൂർണ്ണമായ റെന്റലും അഡീഷണൽ റെന്റലും 2022-23 ഒന്നാം അർദ്ധവർഷത്തെ വൃക്ഷക്കരവും ഇന്റർ ഡിവിഷൻ കള്ള് കടത്ത് പെർമിറ്റ് ഫീസിനൊപ്പം അടയ്ക്കേണ്ട അഡീഷണൽ പെർമിറ്റ് ഫീസും അടയ്ക്കണം എന്ന വ്യവസ്ഥയിൽ 01.04.2022 മുതൽ 15.04.2022 വരെയുള്ള കാലയളവിലേക്ക് സർക്കാർ സാധൂകരണത്തിന് വിധേയമായി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

Signature valid
Digitally signed by D RAJEEV IOFS
Date: 2022.03.31 19:33:30 IST
Reason: Approved

(ഉത്തരവിൻ പ്രകാരം)

**RAJEEV D.**
**ADDITIONAL EXCISE COMMISSIONER**

ഗ്രാഹകൻ: ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാ ഡിവിഷനുകളും)

പകർപ്പ്: ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാ മേഖലകളും)